REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **2027 സെൻസസിന്റെ ആദ്യ ഘട്ടത്തിന് കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു.**
- **ഭീകരതയോട് സഹിഷ്ണുതയില്ലാത്ത സമീപനമാണ് ഇന്ത്യയും ഇസ്രായേലും സ്വീകരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയും ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും.**
- **സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് ഉറപ്പാക്കുമെന്ന് മന്ത്രി GR അനിൽ.**
- **ഓറിയന്റൽ സ്കൂളുകളിലെ മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്ന 'മലയാളശ്രീ' പദ്ധതി മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.**
- **അണ്ടർ-19 ക്രിക്കറ്റിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിലും ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യക്ക് തകർപ്പൻ ജയം.**

## വാർത്തകൾ വിശദമായി

2027 സെൻസസിന്റെ ആദ്യ ഘട്ടത്തിന് കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. രണ്ട് ഘട്ടങ്ങളായാണ് സെൻസസ് നടപടികൾ പൂർത്തിയാക്കുന്നത്. ഏപ്രിൽ ഒന്നിനും സെപ്തംബർ 30നും ഇടയിൽ വീടുകളുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ ആരംഭിക്കും. ഓരോ സംസ്ഥാനവും കേന്ദ്രഭരണപ്രദേശവും നിശ്ചയിക്കുന്ന 30 ദിവസമായിരിക്കും ഇത്തരത്തിൽ പട്ടിക തയ്യാറാക്കുന്നത്. ആഭ്യന്തരമന്ത്രാലയം പുറപ്പെടുവിച്ച

വിജ്ഞാപനപ്രകാരം സ്വയം കണക്കെടുപ്പിനും സൗകര്യം ഏർപ്പെടുത്തും. സംസ്ഥാനങ്ങൾ തീരുമാനിക്കുന്ന 15 ദിവസം ഇതിന് അവസരം ലഭിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്,...........

സെൻസസ് രണ്ടാം ഘട്ടത്തിൽ 2027 ഫെബ്രുവരിയിൽ ജനസംഖ്യാകണക്കെടുപ്പ് ആരംഭിക്കും. ലഡാക്കും ജമ്മു കശ്മീരും, ഹിമാചലും, ഉത്തരാഖണ്ഡും അടക്കം സംസ്ഥാനങ്ങളിൽ പ്രതികൂല കാലാവസ്ഥ മുൻ നിർത്തി സെപ്തംബറിലായിരിക്കും കണക്കെടുപ്പ്.

ഡിജിറ്റൽ സംവിധാനത്തിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചായിരിക്കും സെൻസസ് നടപടികൾ. എന്യൂമറേറ്റർമാർ, സൂപ്പർവൈസർമാർ, മാസ്റ്റർ ട്രെയിനർമാർ എന്നിവർ മുതൽ ജില്ലാ സെൻസസ് ഓഫീസർമാർ വരെ 30 ലക്ഷത്തോളം ഉദ്യോഗസ്ഥർ പ്രക്രീയയുടെ ഭാഗമാകും. ഡിസംബർ 12ന് ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗത്തിലാണ് ജനസംഖ്യാ കണക്കെടുപ്പ് തീരുമാനം ഉണ്ടായത്. ജാതി തിരിച്ച കണക്കെടുപ്പും ഇതോടൊപ്പം ഉണ്ടായിരിക്കും.

11,718 കോടിയിൽ പരം രൂപ സെൻസസ് നടപടികൾക്ക് വേണ്ടി വരും.

✪✪✪

ഭീകരതയോട് സഹിഷ്ണുതയില്ലാത്ത സമീപനമാണ് ഇന്ത്യയും ഇസ്രായേലും സ്വീകരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയും ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും വ്യക്തമാക്കി. ബെഞ്ചമിൻ നെതന്യാഹുവുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ ഭീകരതയെ ചെറുത്തു തോൽപ്പിക്കുന്നതിലെ പ്രതിബദ്ധത ഇരു നേതാക്കളും ആവർത്തിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പരീക്ഷാ പേ ചർച്ച സംവാദ പരിപാടിയിലേക്ക് ഇതിനകം നാല് കോടിയിൽ പരം രജിസ്ട്രേഷൻ ലഭിച്ചു. സാമൂഹ്യ മാധ്യമക്കുറിപ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഇക്കാര്യം അറിയിച്ചത്. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരിൽ നിന്ന് പ്രധാനമന്ത്രി ആശയങ്ങളും നിർദേശങ്ങളും ക്ഷണിച്ചിരുന്നു. 10,12 ക്ലാസ് പരീക്ഷകൾ വരാനിരിക്കെ അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം സന്ദർശിക്കും. സോമനാഥ് ക്ഷേത്രത്തിലെ ആക്രമണത്തിന് 2026 ൽ ആയിരം വർഷം തികയുന്ന പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന ഒരു വർഷത്തെ 'സോമനാഥ് സ്വാഭിമാൻ പർവ്'-പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. ഇന്നു മുതൽ ഞായറാഴ്ച വരെയാണ് സോമനാഥ് സ്വാഭിമാൻ പർവ് ആചരിക്കുന്നത്.

✪✪✪

ഗുജറാത്തിലെ സോമനാഥ ക്ഷേത്രം പുനർനിർമ്മിക്കാൻ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ശ്രമിക്കാതിരുന്നതിന് കാരണം പ്രീണന രാഷ്ട്രീയമായിരുന്നു എന്ന് BJP വക്താവ് സുധാൻഷു ത്രിവേദി ആരോപിച്ചു. നെഹ്രുവിനോടും പ്രതിപക്ഷ പ്രത്യയ ശാസ്ത്രത്തോടും BJPക്ക് വ്യക്തിപരമായി വിരോധമൊന്നുമില്ലെന്നും എന്നാൽ പാക്കിസ്ഥാനിലെ തന്റെ പ്രതിച്ഛായയെ കുറിച്ച് നെഹ്റു എപ്പോഴും ആശങ്കാകുലനായിരുന്നു എന്ന് ഒരു കോൺഗ്രസ്സ് മന്ത്രി പറഞ്ഞിട്ടുണ്ടെന്നും  ത്രിവേദി ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

മുൻ കേന്ദ്രമന്ത്രി കബീന്ദ്ര പുർകായസ്തെയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം അറിയിച്ചു. അസമിന്റെ പുരോഗതിക്ക് വേണ്ടി അർപ്പണബോധത്തോടെ പ്രവർത്തിച്ച പുർകാസയസ്തെ  എക്കാലവും ഓർമ്മിക്കപ്പെടുമെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

കീടനാശിനി നിയന്ത്രണ ബിൽ 2025നെ കുറിച്ച് കേന്ദ്രം പൊതുജനങ്ങളിൽ നിന്ന് അഭിപ്രായം തേടി. ഇപ്പോഴത്തെ ആവശ്യങ്ങളും സാഹചര്യങ്ങളും കൂടി ഉൾപ്പെടുത്തിയാണ് 1968ലെ ബില്ലിന് പകരം പുതിയ ബിൽ കൊണ്ടുവന്നത്. കീടനാശിനികളുടെ ഉപയോഗത്തിലും, കർഷകർക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിലും പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയത്.

✪✪✪

സജീവ ഭരണ നിർവഹണവും, സമയബന്ധിത നടപ്പാക്കലും എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച ഫ്ലാഗ്ഷിപ് പദ്ധതി - 'പ്രഗതി' അമ്പത് യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ച് നിർണായക നാഴികക്കല്ല്  പിന്നിട്ടു. 2015 ൽ നരേന്ദ്ര മോദി ആരംഭിച്ച പ്രഗതി,രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. ആകാശവാണി തയ്യാറാക്കിയ ഇന്നത്തെ പ്രത്യേക പരമ്പര മഹാരാഷ്ട്രയിലെ  സോളാപ്പൂർ താപനിലയത്തെ കുറിച്ചാണ്.

.........വോയ്സ്..........

പ്രാദേശിക ഊർജ്ജ സുരക്ഷ ശക്തിപ്പെടുത്താനും മഹാരാഷ്ട്രയുടെ വൈദ്യുതി ആവശ്യകത നിറവേറ്റാനും പ്രധാന പദ്ധതിയായി സോളാപ്പൂർ ഉയർന്നു വന്നിട്ടുണ്ട്. 11,406 കോടിയിൽ പരം രൂപ ചെലവിൽ വികസിപ്പിച്ച പദ്ധതിക്ക്  1,320 മെഗാവാട്ട് സ്ഥാപിതശേഷിയുണ്ട്. 2012 മാർച്ചിൽ ആരംഭിച്ച പദ്ധതി  2015 ഡിസംബർ 30 ലെ പ്രഗതി അവലോക വേളയിൽ പ്രാരംഭ ഘട്ടത്തിലായിരുന്നു.

2016 ഫെബ്രവരിയോടെ പുനരധിവാസ പ്രശ്നം പരിഹരിക്കാനും രണ്ടു യൂണിറ്റുകൾ പൂർത്തിയാക്കാനും പ്രധാനമന്ത്രി പ്രഗതി വഴി നിർദേശിച്ചു. 2019 ൽ പദ്ധതി പൂർണ്ണമായി കമ്മിഷൻ ചെയ്തു. സങ്കീർണ്ണമായ അടിസ്ഥാന സൗകര്യ പദ്ധതികൾ പ്രഗതിയിലൂടെ മികച്ച ഏകോപനത്തിലൂടെ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയും എന്നതിന്റെ ഉദാഹരണമാണ് സോളാപ്പൂർ തെർമൽ പവർ സ്റ്റേഷൻ.

✪✪✪

കഴിഞ്ഞ വർഷം 1980 കോടിയിൽ പരം രൂപയുടെ മയക്കുമരുന്നുകൾ പിടികൂടിയതായി നർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ വെളിപ്പെടുത്തി. ഒരു ലക്ഷത്തി 33,000 കിലോയിലേറെ ലഹരി സാധനങ്ങളാണ് പിടിച്ചെടുത്തത്. 25 വിദേശ പൗരന്മാരടക്കം 994 പേരെ അറസ്റ്റ് ചെയ്ത് 477 കേസുകൾ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്തു.

കേസുകളിൽ  39 പേർക്ക് പരമാവധി ശിക്ഷയായ 20 വർഷത്തെ തടവ് ലഭിച്ചു. 3,889 കോടി രൂപയുടെ 77,700 കിലോ ലഹരിസാധനങ്ങൾ കഴിഞ്ഞ വർഷം നശിപ്പിച്ചതായും NCB അറിയിച്ചു.

✪✪✪

കണ്ണൂരിലെ നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ഏർപ്പെടുത്തിയ ചേംബർ അവാർഡുകൾ രാവിലെ  ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ വിതരണം ചെയ്യും. ചേംബർ ഹാളിലെ പരിപാടിയിൽ C. സദാനന്ദൻ മാസ്റ്റർ MP മുഖ്യാതിഥിയാകും.

ആഷിയാന സേഫ്റ്റി ഗ്ലാസ് LLP ചെയർമാൻ CP സയദിനെയാണ് ഈ വർഷത്തെ മികച്ച വ്യവസായിയായി തെരഞ്ഞെടുത്തത്. വിൻസ്മേര ജുവെൽസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ദിനേശ് കമ്പ്രത്താണ് മികച്ച വ്യാപാരി.

✪✪✪

സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് ഉറപ്പാക്കുമെന്ന് മന്ത്രി GR അനിൽ പറഞ്ഞു. 7,000 കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന റേഷൻ കാർഡുകൾ വിതരണം ചെയ്യുന്ന ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഇതുവരെ അഞ്ച് ലക്ഷത്തി 54,000ത്തോളം പിങ്ക് കാർഡുകളും 58,487 AAY കാർഡുകളും വിതരണം ചെയ്തു. അർഹരായ ആകെ ആറ് ലക്ഷത്തി 38,000ത്തിൽ പരം കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ നൽകി.

പുതിയ റേഷൻ കാർഡുകൾക്കായി ജനുവരി 15 മുതൽ 30 വരെ അപേക്ഷിക്കാം. ഈ മാസത്തോടെ കേരളത്തിൽ അർഹനായ ഒരാൾക്കും റേഷൻ കാർഡില്ലാത്ത അവസ്ഥ ഉണ്ടാകരുത് എന്ന ലക്ഷ്യത്തിലേക്കാണ് ഗവൺമെന്റ് നീങ്ങുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ഓറിയന്റൽ സ്കൂളുകളിലെ മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്ന 'മലയാളശ്രീ' പദ്ധതി മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്ക് മാതൃഭാഷാ പഠനം നിഷേധിക്കുന്നത് സ്വന്തം മണ്ണിനെയും സംസ്കാരത്തെയും അറിയുന്നതിൽ നിന്ന് അവരെ വിലക്കുന്നതിന് തുല്യമാണെന്നും,'മലയാളശ്രീ'യിലൂടെ ആ നീതി നിഷേധം അവസാനിപ്പിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

കേരളത്തിലെ 9 ജില്ലകളിൽ പ്രവർത്തിക്കുന്ന 38 ഓറിയന്റൽ സ്കൂളുകളിൽ ഇനി മുതൽ സംസ്കൃതത്തിനും അറബിക്കിനും ഒപ്പം മലയാളവും പഠിക്കാനാകും. 2011-ൽ ഉത്തരവിറങ്ങിയിട്ടും പൂർണ്ണമായി നടപ്പാകാതിരുന്ന പദ്ധതിയാണ് ഇപ്പോൾ പ്രാവർത്തികമാകുന്നതെന്ന് മന്ത്രി പറഞ്ഞു. ഈ അധ്യയന വർഷം തന്നെ 7, 10 ക്ലാസുകളിൽ 'മലയാളശ്രീ' പദ്ധതിയുടെ ഭാഗമായി പൊതുപരീക്ഷ നടത്തും.

✪✪✪

അണ്ടർ-19 ക്രിക്കറ്റിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിലും ഇന്ത്യക്ക് തകർപ്പൻ ജയം. ആതിഥേയരായ ദക്ഷിണാഫ്രിക്കയെ 233 റൺസിനാണ് ബെനോണിയയിൽ ഇന്ത്യ തകർത്തത്. ഇതോടെ പരമ്പരയിലെ മൂന്ന് മത്സരവും ഇന്ത്യ സ്വന്തമാക്കി.

✪✪✪

LDF കൂടുതൽ യോജിപ്പോടെയും കരുത്തോടെ ജനങ്ങളെ സമീപിക്കുമെന്ന് കൺവീനർ TP രാമകൃഷ്ണൻ കോഴിക്കോട് പറഞ്ഞു. LDFന്റെ നയപരിപാടികൾ അംഗീകരിക്കുന്ന പാർട്ടികളെ സ്വീകരിച്ച് അടിത്തറ വിപുലീകരിക്കും. കോൺഗ്രസ് ജനങ്ങൾക്ക് വേണ്ടി എന്ത് ചെയ്തുവെന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല രാവിലെ നിലമ്പൂരിൽ ജില്ലാ കളക്ടർ VR വിനോദ് ഉദ്ഘാടനം ചെയ്യും. PIB കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ V.പളനിച്ചാമി അധ്യക്ഷനായിരിക്കും. PIB കൊച്ചി ഡയറക്ടറും ആകാശവാണി ന്യൂസ് ഡയറക്ടറുമായ ധന്യ സനൽ ശില്പശാലയിൽ പങ്കെടുക്കും. ചടങ്ങിൽ മുതിർന്ന മാധ്യമ പ്രവർത്തകരെ ആദരിക്കും.

✪✪✪

SIR-ന്റെ ഭാഗമായ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. അർഹരായ മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയനും വ്യക്തമാക്കി.

✪✪✪

*News Editor & News Reader : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*